
# ജന്മദിനാഘോഷം

# ഇസ്‌ലാമികമോ?



പ്രവാചകനെ സ്നേഹിക്കൽ സത്യവിശ്വാസിയുടെ കടമയാണ്. നിങ്ങൾക്ക് സ്വന്തം മാതാപിതാക്കളെക്കാളും സന്താന ങ്ങളെക്കാളും സമ്പത്തിനെ ക്കാളും പ്രിയപ്പെട്ടവൻ ഞാനായിരി ക്കാത്തിടത്തോളം കാലം നിങ്ങളിൽ ആരും സത്യവിശ്വാസിയാ കുകയില്ലെന്ന് നബി (സ) പറഞ്ഞിട്ടുണ്ട്. (ബുഖാരി) അത് ഏറ്റവും അധികം ഉൾക്കൊണ്ടവരായിരുന്നു മഹാന്മാരായ സ്വഹാബിമാർ. ഉഹ്ദ് യുദ്ധത്തിൽ നബി (സ) യുടെ നേരെ വന്ന അമ്പുകളെ ല്ലാം സ്വഹാബിമാർ സ്വന്തം ശരീരങ്ങൾകൊണ്ട് തടുത്തു. അവർ നബിക്ക് ചുറ്റും മനുഷ്യ മതിൽ കെട്ടി. തങ്ങളുടെ ശരീരങ്ങൾ അമ്പുകൾ കൊണ്ട് നുറുങ്ങിയാലും നബി(സ)ക്ക് ഒരു പോറലും ഏൽക്കരുത് എന്നായിരുന്നു ആ പുണ്യ സ്വഹാബിമാരുടെ ചിന്ത. അതെ, അവർ തങ്ങളുടെ ജീവനെക്കാളും നബി (സ) യെ സ്നേഹിച്ചു. പക്ഷേ, അവരാരും നബി (സ)യുടെ ജന്മദിനം ആഘോഷിച്ചിട്ടില്ല. നബി (സ) മരണപ്പെട്ടുവെന്ന വിവരം കേട്ടപ്പോൾ അത് പറഞ്ഞവന്റെ തല വെട്ടും എന്നായിരുന്നു ഉമറുബ്നുൽ ഖതാബ് (റ) ന്റെ പ്രതികരണം. പ്രവാചക സ്നേഹം കൊണ്ട് മനസ് നിറഞ്ഞ ഉമർ (റ) നബി (സ) യുടെ മൗലീദ് ആഘോഷിച്ചിട്ടില്ല. ഹിജ്റ വേളയിൽ നബി (സ)യുടെ സന്തത സഹചാരിയായിരുന്ന അബൂബക്കർ സിദ്ദീഖ് (റ) മൗലീദ് ആഘോഷിച്ചിട്ടില്ല. ആ സ്നേഹ സമ്പന്നരായ സഹാബിമാരുടെ മാർഗ്ഗമാണ് നമുക്ക് വേണ്ടത്.

നബി(സ) പഠിപ്പിക്കാത്ത ഒന്നും മതകർമ്മമായി നാം ചെയ്യാൻ പാടില്ല. അത് നബിയോടുള്ള അനാദര വാണ്. മതകാര്യങ്ങളിൽ പുതുതായി ഒന്നും കൂട്ടിച്ചേർക്കരുതെന്ന് നബി(സ) താക്കീത് ചെയ്തിട്ടുണ്ട്. അവിടുന്ന് തന്റെ മൗലീദോ മുൻ പ്രവാചകൻമാരുടെ മൗലീദോ ആഘോഷിച്ചിട്ടില്ല. റബീ ഉൽ അവ്വൽ മാസത്തിൽ മാത്രം പ്രത്യേകമായി ദാനധർമ്മമോ ദിക്റോ സ്വലാത്തോ വേണമെന്ന് ഉപദേശിച്ചിട്ടില്ല.

ഉത്തമ നൂറ്റാണ്ടുകൾക്ക് ശേഷം ചിലർ പുതുതായി സൃഷ്ടിച്ച അനാചാരമാണ് മൗലീദാഘോഷം. മൗലീദു കൾ റസൂൽ(സ) യുടെ മദ്ഹുകളാണെന്നും അത് പാരായണം ചെയ്യൽ പുണ്യകർമ്മമാണെന്നും മൗലീദ് കഴിക്കുന്ന പുത്തൻവാദികൾ ജല്പിക്കുന്നു. എന്നാൽ മൗലീദുകൾ പരിശോധിച്ചാൽ ഇസ്‌ലാമിന്റെ അടി ത്തറയായ ''ലാ ഇലാഹ ഇല്ലല്ലാഹു'' വിന് വിരുദ്ധമായ ഭാഗങ്ങൾ പോലും ധാരാളം കാണാം. ഉദാഹരണ ത്തിന് ഒന്നു മാത്രം വ്യക്തമാക്കട്ടെ. മങ്കൂസ് മൗലീദിൽ പറയുന്നു:

''നേതാക്കന്മാരുടെ നേതാവായ അങ്ങയെ ഉദ്ദേശിച്ചുകൊണ്ട് ഞാൻ വന്നിരിക്കുകയാണ്. അങ്ങയുടെ സംരക്ഷണം ഞാൻ അഭിലഷിക്കുകയും ചെയ്യുന്നു. എന്റെ ആഗ്രഹ സഫലീകരണത്തിൽ എന്നെ നിരാശ പ്പെടുത്തരുതേ.''

ഇത് ആഗ്രഹ സഫലീകരണത്തിനുള്ള പ്രാർത്ഥനയാണ്. പ്രാർത്ഥിക്കുന്നത് പ്രവാചകനോടും. 'ആഗ്രഹ സഫലീകരണത്തിനായി എന്നോട് പ്രാർത്ഥിക്കുവിൻ' എന്ന് പ്രവാചകൻ അരുളിയിരുന്നുവെങ്കിൽ നമുക്ക് അപ്രകാരം ചെയ്യാമായിരുന്നു. പക്ഷേ, പ്രവാചകന് പോലും സ്വശരീരത്തിന് ഉപകാരമോ ഉപദ്രവമോ വരുത്താൻ സാധ്യമല്ല എന്ന് ക്വുർ ആൻ വ്യക്തമാക്കുന്നു. ' നബിയെ! പറയുക എന്റെ സ്വന്തം ദേഹ ത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തുവാൻ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ച തൊഴികെ. (സൂറ:അഅ്റാഫ് 188)

എങ്കിൽ പിന്നെ ആഗ്രഹങ്ങൾ പൂവണിയാൻ എന്തു ചെയ്യണം? അല്ലാഹു പറയുന്നു 'നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവിൻ, ഞാൻ നിങ്ങൾക്ക് ഉത്തരം നൽകുന്നതാണ്.' (സൂറത്ത് : ഗാഫിർ 60) ഇക്കാര്യം സൂറത്ത്: ജിന്നിൽ ഒന്നു കൂടി വിശദീകരിക്കുന്നു. ' നബിയെ ! പറയുക എന്റെ റബ്ബിനെ മാത്രമേ ഞാൻ വിളിച്ചു പ്രാർത്ഥിക്കുകയുള്ളൂ. അവനോട് ഞാൻ ആരെയും പങ്ക് ചേർക്കുകയില്ല. ' (സൂറ ജിന്ന് 20) അപ്പോൾ ആഗ്രഹ സഫലീകരണത്തിന് വേണ്ടി പ്രാർത്ഥിക്കേണ്ടത് അല്ലാഹുവിനോട് മാത്രമാണ്. 'പ്രാർത്ഥന– അത് തന്നെയാണ് ആരാധന' എന്ന് തിരുനബി (സ) നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അപ്പോൾ പ്രാർത്ഥന എന്ന ആരാധന അല്ലാഹുവിനോട് മാത്രമേ പാടുള്ളൂ എന്നതാണ് ഇസ്‌ലാം മതത്തിന്റെ അടി സ്ഥാനം.

ഇതിന് കടകവിരുദ്ധമായി മൗലീദ് കഴിക്കുന്നവർ പ്രവാചകൻ(സ)യെ വിളിച്ചു പ്രാർത്ഥിക്കുന്നു. ഇത് പുണ്യമാണെന്ന് നമ്മുടെ ഉസ്താദുമാർ വാദിക്കുകയും ചെയ്യുന്നു. ഇത് എന്തൊരു മറിമായം! നമ്മുടെ സഹോദര സമുദായമായ കൃസ്ത്യാനികൾ ഈസാ നബി (അ) വിളിച്ച് പ്രാർത്ഥിക്കുന്നു. ഇത്

ശിർക്കാണെന്ന് എല്ലാ പുരോഹിതന്മാരും സമ്മതിക്കുന്നു. എങ്കിൽ പിന്നെ മുസ്‌ലീങ്ങൾ മുഹമ്മദ് നബി (സ) വിളിച്ച് പ്രാർത്ഥിക്കുന്നത് പുണ്യകർമ്മമാകുന്നത് എങ്ങിനെ? മൗലീദിനെ ന്യായീകരിക്കാൻ ശ്രമിച്ച സുയൂത്വി തന്നെ മാലിക്കി മദ്ഹബിലെ പ്രസിദ്ധ പണ്ഡിതനായ ഫാക്കിഹാനിയിൽ നിന്നും ഇപ്രകാരം ഉദ്ദരിക്കുന്നു.

'പരിശുദ്ധ ക്വുർആനിലോ നബി (സ) യുടെ സുന്നത്തിലോ ഈ മൗലീദാഘോഷത്തിന് ഒരടിസ്ഥാനമുള്ള തായി ഞാൻ അറിയുന്നില്ല. മതകാര്യങ്ങളിൽ മാതൃകായോഗ്യന്മാരായ പൂർവ്വീകന്മാരെ പിന്തുടരുന്ന ആരും തന്നെ ഇത് പ്രവർത്തിച്ചതായി ഉദ്ധരിക്കപ്പെടുന്നില്ല. അടിസ്ഥാനരഹിതമായ പലതും കെട്ടിച്ചമച്ച് ഉണ്ടാക്കുന്ന ചിലരുടെ നിർമ്മിതിയും ഏതോ തീറ്റക്കൊതിയന്മാരുടെ ഇച്ഛയ്ക്കൊത്ത് കെട്ടിയുണ്ടാക്കിയ ബിദ് അത്തുമാണ് ഇത്.' (ഇമാം സുയൂത്വിയുടെ അൽ ഹാവിലിൽ ഫതാവ 1/190,191 )

കേരളത്തിലെ ശാഫികൾ അംഗീകരിക്കുന്ന ലോക പ്രശസ്ത പണ്ഡിതനും ബുഖാരിയുടെ പ്രമുഖ വ്യാഖ്യാന ഗ്രന്ഥമായ ഫത്ഹുൽബാരിയുടെ കർത്താവുമായ ഇബ്നുഹജറുൽ അസ്ഖലാനി പറഞ്ഞത് 'സുന്നി വോയ്സ്' പ്രസിദ്ധീകരണത്തിൽ തന്നെ ഇങ്ങനെ കാണാം '' ഒരാൾ മൗലീദാഘോഷത്തിനെപറ്റി ഇബിനുഹജർ എന്നവരോട് ചോദിക്കുകയുണ്ടായി. ഇബ്നു ഹജർ മറുപടി പറഞ്ഞു: അടിസ്ഥാനപരമായി മൗലീദ് ബിദ്അത്താണ്. ആദ്യ മൂന്ന് നൂറ്റാണ്ടുകളിലെ മഹത്തുക്കളായ മുസ്‌ലീങ്ങളിൽ നിന്ന് കൈമാറി വന്ന ആചാരമല്ല അത് ( സുന്നി വോയ്സ് 2000 ജൂലായ് 16-31, പേജ് 26)

വീണ്ടും കാണുക '' നബി (സ)യുടെ ഉപദേശ നിർദ്ദേശങ്ങൾ ജീവിതത്തിൽ അക്ഷരം പ്രതി പകർത്തിയ ആദ്യ നൂറ്റാണ്ടുകാരുടെ കാലത്ത് ഇങ്ങനെയൊരു ജന്മദിനം കൊണ്ടാടേണ്ടുന്ന ആവശ്യം ഉണ്ടായിരുന്നില്ല.' ..... '' ഹിജ്റ നാലാം നൂറ്റാണ്ടുമുതൽ മുസ്‌ലീം ലോകത്ത് ഈ സമ്പ്രദായം നടപ്പിലാകുകയും തദ് വിഷയകമായി നിരവധി ഗ്രന്ഥങ്ങൾ വിരചിതമാവുകയും ചെയ്തു. (സുന്നിവോയ്സ് വാരിക-1981 ഡിസംബർ 18 പു. 5 ലക്കം 6)

''നിങ്ങളെ സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുന്ന ഒരു കാര്യവും നിങ്ങൾക്ക് ഞാൻ പറഞ്ഞ് തരാതെ വിട്ട്പോയിട്ടില്ല., നിങ്ങളെ നരകത്തിൽ നിന്ന് അകറ്റുന്ന ഒരു കാര്യവും പറഞ്ഞ് തരാതെ പോയിട്ടില്ല.'' (ത്വബ്റാനി) എന്നരുളിയ പ്രവാചക തിരുമേനി (സ) യുടെ വാക്കുകൾക്ക് ഒരു വിലയും ഇവർ കൽപ്പിക്കുന്നില്ലേ? '' നബിദിനം മുസ്‌ലീങ്ങൾക്ക് പെരുന്നാളിനെക്കാൾ വലിയ ആഘോഷമാണ്.'' (രിസാല നബിദിനപ്പതിപ്പ് 1987) എന്നെഴുതി വിട്ടവരുടെ പിഴച്ചമാർഗ്ഗത്തെ വലിച്ചെറിയുക. എന്തുകൊണ്ടെന്നാൽ...

1. നബി (സ) ഉണർത്തി : '' നമ്മുടെ ഈ കാര്യത്തിൽ (മതത്തിൽ) വല്ലവനും എന്തെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്.'' (ബുഖാരി, മുസ്‌ലീം)

2. നബി (സ) പറഞ്ഞു : '' കാര്യങ്ങളിൽ ഏറ്റവും മോശമായത് മതത്തിൽ പുതുതായി ഉണ്ടാക്കിയവയാണ്. മതത്തിൽ പുതുതായി ഉണ്ടാക്കിയതെല്ലാം വഴികേടിലാണ്.'' ( മുസ്‌ലീം)

ഇസ്‌ലാമിക പ്രമാണങ്ങളുടെ യാതൊരു പിൻബലവുമില്ലാത്ത ഈ അനാചാരത്തിന് തെളിവുകൾ ഉണ്ടാക്കാൻ ഇനിയും മെനക്കടുന്നവരോട് നിങ്ങൾക്ക് ചോദിക്കാം നബി (സ) ക്കോ , സ്വഹാബിമാർക്കോ താബിഉകൾക്കോ , താബീഉത്താബിഉകൾക്കോ നബിദിനം കൊണ്ടാടുവാൻ ഈ തെളിവുകൾ ഒന്നും പ്രേരണ നൽകാത്തത് എന്ത്?

ഇസ്‌ലാമിന്റെ രണ്ടാഘോഷങ്ങളായ ബലിപെരുന്നാളിന്റെയും, ചെറിയ പെരുന്നാളിന്റെയും സുന്നത്തുകൾ ഹദീസ് ഗ്രന്ഥങ്ങളിൽ വ്യക്തമായി കാണാം. എന്നാൽ പ്രവാചകന്റെ ജന്മദിനത്തിന്റെ സുന്നത്തുകൾ ഏതൊക്കെയാണ്?. അവ ഏത് ഹദീസ് ഗ്രന്ഥത്തിലാണുള്ളത്?

നബി (സ) യെ സ്നേഹിക്കുന്നവർ അവിടുത്തെ ഉപദേശം ഉൾക്കൊള്ളുകയാണ് വേണ്ടത്. ഒരു പുതിയ കാര്യവും മതത്തിൽ സൃഷ്ടിക്കരുത്. നബി(സ)യുടെ പേരിൽ എപ്പോഴും സ്വലാത്ത് ചൊല്ലണം. അതിന് റബീ ഉൽ അവ്വൽ എന്ന മൗലീദ് ആഘോഷവുമായി യാതൊരു ബന്ധവുമില്ല. ബോധമുള്ള ഓരോ നിമിഷവും പ്രവാചക ചര്യകൾ ജീവിതത്തിൽ പകർത്തി യഥാവിധി പ്രവാചകരെ സ്നേഹിക്കുന്നവരിൽ നാം ഉൾപ്പെടുക.

അല്ലാഹുവെ ഞങ്ങളെ നീ അമ്പിയാക്കളുടെയും ഔലിയാക്കളുടെയും മാർഗ്ഗത്തിൽ തന്നെ നടത്തേണമേ- ആമീൻ

കൺവീനർ
ദഅ്‌വ വിഭാഗം
ജുബൈൽ ഇന്ത്യൻ ഇസ്‌ലാഹീ സെൻറർ, മക്കാസ്ട്രീറ്റ്
ടെല: 03361 6730 ഇ-മെയിൽ: islahicenter@yahoo.com